**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 83** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സഹായം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കല്ലട്ര മാഹിൻ<br>ശ്രീ. കുറുക്കോളി മൊയ്തീൻ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഷിബു ബേബി ജോൺ<br>(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി) |

**(എ)** വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെയും പരിക്ക് ഏൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിനെ തുടർന്ന് ദുരന്ത നിവാരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിലവിൽ ധനസഹായം നൽകുന്നത്. ഇതനുസരിച്ച് മരണപ്പെടുന്നവരുടെ അവകാശികൾക്ക് 14 ലക്ഷം രൂപയും , വനത്തിന് പുറത്ത് പാമ്പ് / തേനീച്ച/ കടന്നൽ ആക്രമണങ്ങൾക്ക് 4 ലക്ഷം രൂപയും, 40% മുതൽ 60% വരെ അംഗവൈകല്യം വന്നാൽ 2 ലക്ഷം രൂപയും 60% ന് മുകളിൽ അംഗവൈകല്യം വന്നാൽ 2.50 ലക്ഷം രൂപയും നൽകും. ഗുരുതര പരിക്കുകൾക്ക് 1 ലക്ഷം രൂപവരെയും, അപൂർവ്വ സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ യഥാർത്ഥ തുക വരെയും അനുവദിക്കാറുണ്ട്.

**(ബി)** പ്രസ്തുത ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിശോധിക്കാവുന്നതാണ്.

**(സി)** വന്യജീവി ആക്രമണത്തിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവും ഏറ്റെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവും ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**(ഡി)** വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**